# പുത്രന്റെ പരീക്ഷണങ്ങൾ

## എഡി ക്ലോയെർ

നമ്മുടെ കർത്താവിന്റെ സ്നാനശേഷം നടന്ന സംഭവം നമ്മെ അതിശയിപ്പിക്കുന്നതാണ്. നാം പ്രതീക്ഷിച്ചതു അവൻ ഉടനെ ഉപദേശിപ്പാനും പ്രസംഗിപ്പാനും തുടങ്ങും എന്നാണ്, പക്ഷെ സംഭവിച്ചത് അതായിരുന്നില്ല. പകരം, നസ്രേത്തിൽ അറിയപ്പെട്ടതിൽ നിന്നു പൂർണ്ണമായും ഏകാന്ത സ്ഥലത്തേക്കു അവൻ തനിച്ചു ചെന്നു. അവന്റെ വീട് മരുഭൂമി ആകുകയും, അവന്റെ കൂട്ടാളികൾ വന്യമൃഗങ്ങൾ ആവുകയും ചെയ്തു (മർക്കൊസ് 1:12, 13), ആ ഏകാന്തതയിൽ, ആത്മിയമായ എതിരടൽ, നിഷ്ഠൂരമായ പോരാട്ടം, സാത്താനാൽ യേശു പരിക്ഷിക്കപ്പെട്ടപ്പോൾ, സ്വർഗ്ഗവും ഭൂമിയും കൂട്ടിമുട്ടി.

യേശുവിന്റെ പരീക്ഷണങ്ങളെ ''പരിശോധനകൾ'' എന്നു സൂചിപ്പിക്കുകയും, പരിശാചിന്റെ പരീക്ഷണത്തെ അവൻ നേരിട്ടു പ്രതികരിക്കയും ചെയ്തു (യാക്കൊബ് 1:10–12). അത്തരം ആഗ്രഹം യേശു കാണിച്ചില്ലെങ്കിലും, അവന്റെ മനുഷ്യത്വത്തെ എടുത്തു കാണിക്കുന്നതാണ് അവന്റെ പരീക്ഷണങ്ങൾ. ബൈബിളിൽ ആ പരീക്ഷണങ്ങളുടെ മൂന്നു വിവരണങ്ങൾ പരിശുദ്ധാത്മാവു നല്കുന്നുണ്ട് (മത്തായി 4:1–11; ലൂക്കൊസ് 4:2–13; മർക്കൊസ് 1:12, 13).[1] മർക്കൊസിന്റെ വിവരണങ്ങൾ വിവരണങ്ങളേക്കാൾ പരോക്ഷ സൂചനകളായിട്ടാണ് പറയുന്നത്, പക്ഷെ മർക്കൊസ് ആണ് യേശു വന്യമൃഗങ്ങളോടൊപ്പം ആയിരുന്നു എന്നു ചേർത്തു പറഞ്ഞത്. യേശുവിന്റെ ജീവിതത്തിൽ പലപ്രാവശ്യം പരീക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും, എന്നാൽ അവന്റെ ജീവിതത്തിലെ ഈ സന്ദർഭത്തിൽ യേശുവിനെ പ്രത്യേക പ്രലോഭനത്താൽ വിഴുവിക്കുവാൻ നോക്കി. ഒരു പക്ഷെ അവൻ ഉപവസിച്ച നാല്പതു നാളിലും പരീക്ഷിക്കപ്പെട്ടേണം, അതിന്റെ അവസാനമാണ് ശക്തമായ പരീക്ഷണങ്ങൾ.[2]

ഈ പരീക്ഷണാനുഭവം നടക്കുന്നതു സ്നാനശേഷമാണ്. മർക്കൊസ് 1:12 പറയുന്നു, ''അനന്തരം ആത്മാവു അവനെ മരുഭൂമിയിലേക്കു പോകുവാൻ നിർബ്ബന്ധിച്ചു.'' മരുഭൂമിയിലേക്കു[3] പോകുവാൻ മുൻകൈ എടുത്തത് ദൈവമായിരുന്നു, അല്ലാതെ പൈശാചികമായിരുന്നില്ല. "യോർദ്ദാനയിൽ വെച്ചു സ്വർഗ്ഗം അംഗീകരിച്ച

ഉടനെ നരകത്തിന്റെ കൈയേറ്റം; പ്രാവിനുശേഷം, പിശാച്."[4] അതുപോലെ, ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്കുന്ന ക്രിസ്ത്യാനി പരീക്ഷണം നേരിടുവാൻ തയ്യാറാകണം. അവിശ്വാസി നേരിടാത്ത പരീക്ഷണങ്ങൾ ക്രിസ്ത്യാനി നേരിടും.

ലൂക്കൊസ് 4:13 പറയുന്നു: അങ്ങനെ ഈ പരീക്ഷണങ്ങൾ തികെച്ചശേഷം, "പിശാചു കുറേ കാലത്തേക്കു അവനെ വിട്ടുമാറി." അതിനർത്ഥം ഈ പരീക്ഷണങ്ങൾക്കു ശേഷം യേശുവിനു ചുരുങ്ങിയ വിശ്രമം ലഭിച്ചു എന്നാണ്. മറ്റവസരങ്ങളിൽ പിശാചു വീണ്ടും അവനെ പരീക്ഷിപ്പാൻ വന്നു എന്നും അതിൽ അന്തർലീനമാണ്.

*എന്തിനാണ് യേശു പരീക്ഷിക്കപ്പെട്ടത്?* യേശു ഈ ലോകത്തു വന്നു ഒരു മനുഷ്യനായി പരീക്ഷിക്കപ്പെടണം എന്നതു ദൈവപദ്ധതിയായിരുന്നു. യേശു എന്തുകൊണ്ടു പരീക്ഷിക്കപ്പെട്ടു എന്നതിനു ബൈബിളിൽ അടിസ്ഥാനപരമായി രണ്ടു കാരണങ്ങൾ നല്കുന്നു.

ഒന്ന്, അവൻ പരീക്ഷിക്കപ്പെട്ടത് നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാനാണ് (എബ്രായർ 4:15; 2:15–18). അതിനർത്ഥം സ്ത്രീ പുരുഷന്മാർ അനുഭവിക്കുന്ന എല്ലാത്തരം പരീക്ഷണങ്ങളും യേശു നേരിട്ടിരുന്നു എന്നാണോ? തീർച്ചയായും, ഇല്ല, പക്ഷെ തത്വത്തിൽ നാം നേരിടുന്ന എല്ലാ പരീക്ഷണങ്ങളും അവൻ നേരിട്ടു. മനുഷ്യ സ്വഭാവത്തിൽ എത്തിച്ചേരാവുന്ന എല്ലാ സമീപന മാർഗ്ഗങ്ങളിലും പൂർണ്ണശക്തിയോടെ പരീക്ഷണങ്ങൾ അവനെ അസഹ്യപ്പെടുത്തി. നാം അത്തരം പൂർണ്ണശക്തിയുള്ള പരീക്ഷണങ്ങൾ നേരിട്ടിട്ടില്ല. നാം ആദ്യം പരീക്ഷിക്കപ്പെട്ടപ്പോൾ, നാം അതിനു വശംവദരരായി. യേശു പരീക്ഷണത്തിനു വിധേയനാകാത്തതുകൊണ്ട്, അവൻ അതിന്റെ പൂർണ്ണശക്തിയും അതിജീവിക്കുവാൻ കഴിഞ്ഞു. നിങ്ങൾ ഒരിക്കലും പരാജയപ്പെടാത്ത ഓട്ടക്കാരനാണെന്നു വിചാരിക്കുക, ആ പന്തയത്തിന്റെ അവസാന പോയിന്റിൽ എത്തുമ്പോഴേയും ആ പരീക്ഷയിൽ മുഴുവൻ ശക്തിയും നേരിട്ടു എന്നു പറയാം. എപ്പോഴും പരാജയപ്പെടുന്ന ആൾക്ക് വീണ്ടും പരാജയപ്പെടുന്നതു വലിയകാര്യമല്ല. എങ്ങനെയായലും, ഒരിക്കലും പരാജയപ്പെടാത്തവർക്കു പരാജയം ചിന്തിക്കുവാൻ പോലും പ്രയാസമാണ്.

പരീക്ഷണങ്ങളുടെ ചുറ്റുപാടുമുള്ള സാഹചര്യങ്ങളും സംഭവങ്ങളും വ്യത്യസ്തമായിരിക്കാം, പക്ഷെ എല്ലാകാലത്തെയും സ്ത്രീ പുരുഷന്മാർ നേരിടുന്ന പരീക്ഷണങ്ങൾ ഒന്നുതന്നെയാണ് മൂന്നു വിഴികളിലൂടെയാണ് മനുഷ്യരിലേക്കു പരീക്ഷണങ്ങൾ വരുന്നത്: ഭോഗേച്ഛ – ജഡമോഹം; അത്യർത്തി – കൺമോഹം; അതിമോഹം – ജീവതത്തിന്റെ പ്രതാപം. മറ്റു പരീക്ഷണങ്ങൾ എല്ലാം ഇവയുടെ വിവിധ രൂപഭേദങ്ങളാണ്. അതിനർത്ഥം യേശു തന്റെ മനുഷ്യസ്വഭാവത്തിലെല്ലാം, നമ്മെപോലെ പരീക്ഷിക്കപ്പെട്ടു.[5]

കൂടാതെ, അവൻ പരീക്ഷിക്കപ്പെട്ടതുകൊണ്ട് അവൻ തികഞ്ഞ രക്ഷകനായിത്തീർന്നു (എബ്രായർ 5:8, 9; 2:10).[6] തന്റെ സ്വാഭാവത്തെ പരിശോധിക്കുന്നതിനു കൂടെയാണ്, അവൻ പരീക്ഷിക്കപ്പെട്ടത് (എബ്രായർ 5:7–9). നമുക്കു വേണ്ടി അവൻ പരീക്ഷിക്കപ്പെട്ടതിനാൽ, നമ്മോടു സഹതാപം കാണിപ്പാൻ കഴിവുള്ള മഹാപുരോഹിതനായിത്തീർന്നു (എബ്രായർ 4:15, 16) നമുക്കു

മാതൃകയുമായി.

*ക്രിസ്തുവന്റെ പരീക്ഷണങ്ങൾ വലിയ സത്യങ്ങൾ വാസ്തവമാണെന്നു ഉറപ്പിക്കുന്നു.* ആദ്യം, അവ പിശാചിന്റെയും പാപത്തിന്റെയും യാഥാർത്ഥ്യത്തെ ബോധ്യപ്പെടുത്തുന്നു. സാത്താൻ വെറും ഒരു ശക്തിയല്ല. അവൻ ദേഹിയെ തേടുന്ന ആത്മാവാണ്. “സാത്താൻ,” എന്നതിന്റെ എബ്രായ വാക്ക് മർക്കൊസ് ഉപയോഗിച്ചത്, തർജ്ജിമ ചെയ്തിരിക്കുന്നത് മത്തായിയും ലൂക്കൊസും “പിശാചു” എന്നാണ്. അതിനർത്ഥം “ദൂഷകൻ അല്ലെങ്കിൽ കുറ്റാരോപകൻ.”

രണ്ടു, അവ അർത്ഥമാകുന്നതു യേശു ഒരു മുഴു മനുഷ്യൻ ആയിരുന്നു എന്നാണ്. യേശുവിനു പാപം ചെയ്യുവാൻ കഴിഞ്ഞില്ല, എന്തുകൊണ്ട് പിശാചു അവനെ പരീക്ഷിച്ചു? അവന്നു പാപം ചെയ്യുവാൻ കഴിയുമായിരുന്നു എന്നാണ് ആ പരീക്ഷണങ്ങൾ കാണിക്കുന്നത്.[8]

മൂന്ന്, അവ വെളിപ്പെടുത്തുന്നത് പാപത്തിനായി പരീക്ഷിക്കപ്പെടുന്നതു പാപം അല്ല. മാർട്ടിൻ ലൂദർ പറഞ്ഞു, “പക്ഷികൾ എന്റെ തലക്കു മുകളിൽ പറക്കാതെ നോക്കാൻ എനിക്കാവുകയില്ല, എന്നാൽ പക്ഷികൾ എന്റെ തലയിൽ കൂടു വെക്കാതെ നോക്കാൻ എനിക്കു കഴിയും.”

## അത്ഭുതത്താൽ നേടുന്നതും,<br>ഒരു മനുഷ്യനായി നേടുന്നതും

ഭൗതിക ഭോഗേച്ഛയിലാണ് യേശു ആദ്യം പരീക്ഷിക്കപ്പെട്ടത്. “ഭോഗേച്ഛ” എന്നാൽ ചിലതു ആസ്വദിക്കുവാനുള്ള ആഗ്രഹം ആണ്.[9] യോഹന്നാൻ അതിനെ ‘‘ജഡമോഹം’’ എന്നു വിളിച്ചിരിക്കുന്നു (1 യോഹന്നാൻ 2:16).

> അവൻ നാല്പതു പകലും, ഉപവസിച്ച ശേഷം അവന്നു വിശന്നു. അപ്പോൾ പരീക്ഷകൻ അറ്റത്തു വന്നു. “നീ ദൈവപുത്രൻ എങ്കിൽ, ഈ കല്ലു അപ്പമായിത്തീരുവാൻ കല്പിക്ക” എന്നു പറഞ്ഞു. അതിനു അവൻ ‘‘മനുഷ്യൻ അപ്പം കൊണ്ടു മാത്രമല്ല ദൈവത്തിന്റെ വായിൽ കൂടെ വരുന്ന സകലവചനം കൊണ്ടും ജീവിക്കുന്നു, എന്നു എഴുതിയിരിക്കുന്നു, എന്നു ഉത്തരം പറഞ്ഞു” (മത്തായി 4:2-4).

*ആദ്യത്തെ പരീക്ഷണത്തിന്റെ സാഹചര്യം എന്തായിരുന്നു?* ആരോ പറഞ്ഞു, ‘‘മനുഷ്യസഹതാപത്തിൽ നിന്നു അന്യപ്പെട്ടതായിരുന്നു ആദ്യത്തെ പോർക്കളം. അതൊരു പഴയ പോർക്കളമായിരുന്നു. അനവധി യിസ്രായേല്യർ, മോശയടക്കം മരുഭൂമിയിൽ പരാജയമടങ്ങിയിരുന്നു.”

വേറൊരാൾ പറഞ്ഞു, “ആദ്യത്തെ ആദാം പാപം ചെയ്തു ഒരു തോട്ടതെ മരുഭൂമിയാക്കി, എന്നാൽ രണ്ടാമത്തെ ആദാം പാപത്തെ ചെറുത്തുകൊണ്ട് മരുഭൂമി ഒരു തോട്ടമാക്കി.”

സാത്താൻ ആദ്യ പരീക്ഷണവുമായി യേശുവിനെ എതിരിട്ടപ്പോൾ

അവൻ ക്ഷീണിതനായിരുന്നു. അവൻ നാലപതു പകലും രാവും ഉപവസിച്ചിരുന്നു. സാത്താൻ നമ്മുടെ ബലഹീനതയിലാണ് പിടികൂടുന്നത്.

*കല്ലുകൾ അപ്പമാക്കി മാറ്റിയാൽ എന്താണ് തെറ്റ്?* അസ്വാഭാവികമായ രീതിയിൽ സ്വാഭാവിക വിശപ്പു അടക്കുവാനാണ് സാത്താൻ ആവശ്യപ്പെട്ടത്. നിയമാനുസൃതമായ വിശപ്പടക്കുവാൻ നിയമ വിശുദ്ധമായ വഴി സൂക്ഷിക്കുവാനാണ് സാത്താൻ പറഞ്ഞത്. യേശുവിനു ആഹാരം ആവശ്യമായിരുന്നു, പെട്ടെന്നു ആഹാരമുണ്ടാക്കുന്ന വഴിയായിരുന്നു സാത്താൻ നിർദ്ദേശിച്ചത്.

"അവൻ അങ്ങനെ പറഞ്ഞതിൽ എന്താണ് തെറ്റ്?" എന്നു നാം പറഞ്ഞേക്കാം. അത്തരത്തിൽ യേശു വിശപ്പടക്കിയിരുന്നെങ്കിൽ, അവൻ അത്ഭുതം ചെയ്തു സ്വാഭാവിക തൃപ്തി വരുത്തി എന്നു കുറ്റം അവനിൽ വരുമായിരുന്നു. അത്ഭുതശക്തിയുടെ ഉദ്ദേശം അതായിരുന്നില്ല (യോഹന്നാൻ 20:31). പൗലൊസ് തന്റെ "ജഡത്തിലെ മുള്ള്" നീങ്ങുവാൻ അത്ഭുതമൊന്നും ചെയ്തില്ല (2 കൊരിന്ത്യർ 12:7). എപ്പഫ്രൊദിത്തൊസ് അത്ഭുതത്താൽ രോഗസൗഖ്യം പ്രാപിച്ചില്ല (ഫിലിപ്പിയർ 2:25-27). ത്രോഫിമോസും സ്വാഭാവികത അത്ഭുതത്താൽ അതിജീവിച്ചില്ല (2 തിമൊഥെയൊസ് 4:20). യേശു തന്റെ മാനുഷിക പരീക്ഷണങ്ങളെ അതിജീവിക്കുവാൻ ദൈവിക സ്വഭാവം ഉപയോഗിച്ചു മനുഷ്യനായി തുടരുവാൻ പ്രയാസമായിരുന്നു. യേശു തന്റെ പദവി വിട്ട് മനുഷ്യനായി, വാസ്തവത്തിൽ പൂർണ്ണ മനുഷ്യനായിത്തീർന്നു (ഫിലിപ്പിയർ 2:5-7). എല്ലാ മനുഷ്യരും പരീക്ഷണങ്ങളെ നേരിടുന്നതുപോലെ അവനും നേരിട്ടു. ക്രൂശിൽ അവൻ, പാപത്തിനു കഷ്ടയേറ്റു. തന്റെ വേദന അത്ഭുതകരമായി നീക്കി മനുഷ്യനായിരിക്കുക പ്രയാസമായിരുന്നു.

അവന്റെ വിശപ്പു അത്ഭുതത്താൽ ശമിപ്പിച്ചാൽ, അവന്റെ അനുയായികൾ അത്ഭുതം കൂടാതെ മനുഷ്യപ്രശ്നങ്ങൾ പരിഹരിക്കുവാൻ ശ്രമിക്കുന്ന സകല മനുഷ്യർക്കും നിരാശയായിരിക്കും ഉണ്ടാകുക.

ഈ പരീക്ഷണത്തിന്റെ ഉന്നം മനുഷ്യശരീരമാണ്. എവറെറ്റ് എഫ്. ഹാരിസൺ പറഞ്ഞു,

> തന്റെ അനുയായികളിൽ നിന്നു വരുവാനുള്ള ദിവസങ്ങളിൽ യേശു കർശനമായ നിബന്ധനകൾ ശിഷ്യത്വത്തെ സംബന്ധിച്ചു ആവശ്യപ്പെട്ടിരുന്നു. അവയിൽ അടിസ്ഥാനമായി നർബ്ബന്ധിച്ചതു സ്വയം ത്യജിക്കൽ ആയിരുന്നു. ആ പ്രസ്താവനയുടെ വീര്യവും ആ ആവശ്യം കൈവരിക്കുവാനുള്ള അവകാശവും പരീക്ഷ ശേഷം ഉണ്ടാകുന്നതാണ്. തന്നെ അനുഗമിക്കുന്നവരിൽ പുനരുൽപ്പാദിപ്പിക്കുവാൻ യേശു സ്ഥാപിച്ച മാതൃകയാണത്. അവൻ കല്പിച്ചു അപ്പം ഭക്ഷിച്ചു കാണിച്ചു കൊടുത്തിരുന്നെങ്കിൽ, നെറ്റിയിലെ വിയർപ്പൊഴുക്കി അപ്പം ഭക്ഷിച്ച അവന്റെ ശിഷ്യന്മാർ അതിൽ നിന്നു പുറത്താകുമായിരുന്നു "എന്നോടു പഠിപ്പിൻ," എന്നു യേശുവിനോടു പറയുവാനും കഴിയുമായിരുന്നില്ല. ഒരു യോഗ്യമായ പ്രദർശനം നടത്തുന്നതിലുപരിയായി, നിസ്വാർത്ഥ

തന്നെ പിൻപറ്റുന്നവർക്കു അർത്ഥവത്താക്കി തീർക്കുകയാണ്.[10]

*എങ്ങനെയാണ് യേശു ഈ പരീക്ഷണങ്ങളെ അതിജീവിച്ചത്?* യേശു പിശാചിനോടു പോരാടിയതു ''ആത്മാവിന്റെ വാൾ, ആയ ദൈവവചനത്താലായിരുന്നു" (എഫെസ്യർ 6:17). അവൻ പിശാചിനു ഉദ്ധരിച്ചു കൊടുത്തത് ആവർത്തന പുസ്തകം 8:3 പരിഗണിക്കേണ്ടത് "അപ്പം" മാത്രമല്ല എന്നാണ് ഈ വചനം കാണിക്കുന്നത്. കരുതേണ്ടതു "അപ്പം" മാത്രം ആയിരുന്നെങ്കിൽ, യേശുവിനു കല്ലു അപ്പം ആക്കി ഭക്ഷിക്കാമായിരുന്നു. പിതാവിന്റെ ഇഷ്ടം ചെയ്യുവാനാണ് അവൻ ഇവിടെ വന്നത്. മനുഷ്യനായി ജീവിച്ചു പിശാചിനെ നേരിടുക എന്നതു അവന്റെ ഇഷ്ടം ചെയ്യുന്നതിൽ ഉൾപ്പെടുന്നു.

## ദൈവത്തിന്റെ ആശ്രയിച്ചു നേടുന്നതും ദൈവത്തെ പരീക്ഷിച്ചു നേടുന്നതും

രണ്ടാമതു യേശു പരീക്ഷിക്കപ്പെട്ടതു അത്യാർത്തിയാലായിരുന്നു, "നേടുവാനുള്ള ആഗ്രഹം," യോഹന്നാൻ അതിനെ[11] "ജഡമോഹം" എന്നു വിളിച്ചിരിക്കുന്നു (1 യോഹന്നാൻ 2:16).

> പിന്നെ പിശാചു അവനെ വശുദ്ധ നഗരത്തിൽ കൊണ്ടു പോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി അവനോടു "നീ ദൈവപുത്രൻ എങ്കിൽ താഴത്തോട്ടു ചാടുക; നിന്നെക്കുറിച്ചു അവൻ തന്റെ ദൂതന്മാരോടു കല്പിക്കും, 'അവൻ നിന്റെ കാൽ കല്ലിന്മേൽ തട്ടാതക്കവണ്ണം നിന്നെ കയ്യിൽ താങ്ങിക്കൊള്ളും.'" എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. യേശു അവനോടു, "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്" എന്നും കൂടെ എഴുതിയിരിക്കുന്നു എന്നു പറഞ്ഞു (മത്തായി 4:5–7).

*രണ്ടാമത്തെ പരീക്ഷണത്തിന്റെ സാഹചര്യം എന്തായിരുന്നു?*[12] യെരുശലേം നഗരത്തിൽ ദൈവാലയത്തിന്റെ അഗ്രം. "അഗ്ര" എന്ന വാക്ക് ഒരു പക്ഷെ അർത്ഥമാക്കുന്നത് "ചിറക്" ആയിരിക്കാം. അതു ഒരു പക്ഷെ ഇരുന്നൂറു അടി താഴെയുള്ള കെദ്രോൻ താഴ്വരയിലേക്ക് നോക്കി നില്ക്കുന്ന തെക്കുഭാഗത്തെ ചിറകായിരിക്കാം. പിതാവിന്റെ വാഗ്ദാനം കാണിച്ചു, സാത്താൻ യേശുവിനോട് ദൈവാലയത്തിന്റെ അഗ്രത്തിൽ നിന്നു അഗാധഗർത്തത്തിലേക്കു ചാടുവാനാണ് പറഞ്ഞത്. ദൈവം അവനെ ഒരു പാരച്ചൂട്ട് വഴി താങ്ങിക്കൊള്ളും, എന്ന് സങ്കീർത്തനങ്ങൾ 91:11 ഉദ്ധരിച്ചു പറഞ്ഞു.

യേശുവിന്റെ ഈ പരീക്ഷണത്തിൽ രണ്ടു പ്രധാന ആകർഷണങ്ങൾ ആയിരുന്നു ഉണ്ടായരുന്നത്: പിതാവിന്റെ വാഗ്ദാനം തെളിയിക്കുവാനുള്ള ആഗ്രഹവും, ജനങ്ങൾക്കിടയിൽ ഉടനെ പ്രസിദ്ധിനേടുവാനുള്ള ആഗ്രഹവുമായിരുന്നു അവ. ഒറ്റയടിക്ക് ദേശത്തെയും അതിന്റെ ബന്ധങ്ങളെയും അത്ഭുത ദൃശ്യത്തിലാക്കുന്നതാണ് അത്.

*ദൈവാലയാഗ്രത്തിൽ നിന്നു ചാടുന്നതിൽ എന്താണ് തെറ്റ്?* ജെ. ഡബ്ലിയു. മെക്ഗാർവെ പറഞ്ഞു,

> യേശു ചാടിയിരുന്നെങ്കിൽ, പുത്രത്വം തെളിയിക്കുന്നതിനു ആവശ്യമില്ലാത്ത അത്ഭുതത്തിനു പിതാവിനോട് ആവശ്യപ്പെടുന്നതായി വരും, കൂടാതെ ദൈവ സ്നേഹത്തെ ആവശ്യമില്ലാത്ത പരീക്ഷണത്തിനു വിധേയമാക്കുന്നതായും വരും. ദൈവകല്പനയോ കൃത്യ നിർവ്വഹണമല്ലാതെയോ, തങ്ങളെത്തന്നെ അപകടത്തിലാക്കുന്നവർ അവന്റെ സ്നേഹത്തെ പരീക്ഷിക്കുകയാണ്.[13]

സാത്താൻ തിരുവെഴുത്തു ഉദ്ധരിച്ചു, പക്ഷെ അതു ശരിയായിട്ടല്ല ഉപയോഗിച്ചത്. ദൈവം പറയാത്തതിനെ സൂചിപ്പിച്ചുകൊണ്ടാണ് അവൻ ദൈവ വചനത്തെ ഉപയോഗിച്ചത്. പിശാചിന്റെ തലയിൽ മുഴുവൻ വചനവും ഹൃദയം നിറയെ പാപവുമാണ്. പിശാചു ബൈബിളിനെ വെറുക്കുകയും, അതിനെ തന്റെ ഉദ്ദേശത്തിനു തെറ്റായി ഉപയോഗിക്കുകയും ചെയ്യും. തിരുവെഴുത്തു ഉദ്ധരിക്കുക എളുപ്പമാണ്; തിരുവെഴുത്തു പറയുന്നതെന്തെന്നു കണ്ടെത്തുവാനും അവ പ്രമാണിക്കുന്നതിനും ആണ് പ്രയാസം.

*യേശു എങ്ങനെ ഈ പരീക്ഷണത്തെ അതിജീവിച്ചു?* യേശു മറ്റൊരു വേദഭാഗമായ, ആവർത്തന പുസ്തകം 6:16 യേശു തിരുവെഴുത്തിനെ തിരുവെഴുത്തുകൊണ്ടാണ് വിവരിച്ചത്. വേദഭാഗം മുഴുവൻ മനസ്സിലാക്കുവാൻ ബൈബിൾ മുഴുവൻ നാം വായിക്കണം, പഴയ നിയമം ഒരു ഘടകം ആയിട്ടാണ് യേശു കണ്ടത്: സങ്കീർത്തനങ്ങളിലെ വേദഭാഗം ആവർത്തന പുസ്തകത്തിലെ വേദഭാഗത്താൽ യോഗ്യമാക്കുന്നു. പഴയ നിയമത്തെ കർത്താവു ഉപയോഗിച്ചു വ്യക്തമാക്കിയത് ശ്രേഷ്ഠമായ അംഗീരകാരമാണ് യിസ്രായേൽ ദൈവത്തെ നിയമത്തെ കർത്താവു ഉപയോഗിച്ചു വ്യക്തമാക്കിയത് ശ്രേഷ്ഠമായ അംഗീകരമാണ് യിസ്രായേൽ ദൈവത്തെ പരീക്ഷിച്ച വേദഭാഗമാണ് യേശു ഉദ്ധരിച്ചത്. ആളുകൾ ദൈവത്തിന്റെ സാന്നിദ്ധ്യവും കരുതലും സംശയിച്ചു കൊണ്ടാണ് അവർ ദൈവത്തെ പരിശോധിച്ചത്. നാല്പതുവർഷം യിസ്രായേൽ ജനം മരുഭൂമിയിൽ ചുറ്റി നടന്നപ്പോൾ പത്തു പ്രാവശ്യം അവർ ദൈവത്തെ പരീക്ഷിച്ചു എങ്കിലും, വിശദമായി വിവരിച്ചിരിക്കുന്നു ഇവിടെ മോശെ സൂചിപ്പിച്ചതും യേശു ഉദ്ധരിച്ചതുമാണ്.

തന്റെ പിതാവിനെ പരീക്ഷിക്കുന്നതു യേശു നിരസിച്ചു. അശ്രദ്ധയോടും അനാസ്ഥയോടും എങ്ങനെ ജീവിച്ചാലും തന്റെ പുത്രനെ ദൈവം സംരക്ഷിക്കുമെന്നു പിശാചു ഉദ്ധരിച്ച വേദഭാഗം അർത്ഥമാക്കുന്നില്ല. തിരുവെഴുത്തിനെ ശരിയായി ഉപയോഗിച്ചു അതിനെ ബാധിക്കുന്നതും യോഗ്യവുമാക്കുന്നതെങ്ങനെ എന്നു യേശു ചൂണ്ടിക്കാണിച്ചു.

## വിട്ടു വീഴ്ച്ചയാൽ നേടുന്നതും
## ഒരു ക്രൂശിനാൽ നേടുന്നതും

യേശു പരീക്ഷിക്കപ്പെട്ട മൂന്നാമത്തെ മേഖല അതിമോഹമാണ്, സമ്പാദ്യങ്ങൾ നേടുവാനുള്ള മോഹം[14] യോഹന്നാൻ ഇതിനെ "കൺമോഹം" എന്നു വിളിച്ചിരിക്കുന്നു (1 യോഹന്നാൻ 2:16).

> പിന്നെ, പിശാചു അവനെ ഏറ്റവും ഉയർന്നോരു മലയിൽ കൊണ്ടു പേയി ലോകത്തിലുള്ള, സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു; "വീണു എന്നെ നമസ്ക്കരിച്ചാൽ ഇതൊക്കെയും, ഞാൻ നിനക്കു തരാം" എന്നു അവനോടു പറഞ്ഞു. യേശു അവനോടു "സാത്താനേ എന്നെ വിട്ടുപോ; 'നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ചു അവനെ മാത്രമേ ആരാധിക്കാവു'" എന്നു എഴുതിയിരിക്കുന്നുവല്ലൊ എന്നു പറഞ്ഞു (മത്തായി 4:8-10).

*ഈ പരീക്ഷണ സാഹചര്യം എന്തായിരുന്നു?* യേശുവിനെ ഒരു മലയിലേക്കു കൊണ്ടു പോയി. ആ ഉയർന്ന പ്രതലത്തിൽ നിന്നു അവനെ (''ഒരു നിമിഷത്തിനുള്ളിൽ,'' ലൂക്കൊസ് പറഞ്ഞതനുസരിച്ചു) ലോകത്തിലെ സകല രാജ്യങ്ങളും കാണിച്ചു കൊടുത്തു. അവനെ വീണു നമസ്ക്കരിച്ചാൽ ഈ രാജ്യങ്ങളൊക്കെയും യേശുവിനു നല്കാമെന്നു പിശാചുവാഗ്ദാനം ചെയ്തു. ലോകത്തുള്ള രാജ്യങ്ങൾ ഒന്നും പിശാചിന്റെ സ്വന്തമായിരുന്നില്ല, പക്ഷെ അവന്റെ നിയന്ത്രണത്തിലായിരുന്നു. ലോകത്തിലെ രാജ്യങ്ങൾ യേശു *കണ്ടു* എന്നല്ല പറഞ്ഞത്, അവനെ കാണിച്ചു എന്നാണ് പറഞ്ഞത്. പിശാചിനു വെറുതെ രാജ്യങ്ങളെ ചൂണ്ടിക്കാണിച്ചു വിശദീകരിക്കാമായിരുന്നു; അതു ദൃശ്യമാക്കാമായിരുന്നു. ഈ പരീക്ഷണം ഏദെൻ തോട്ടത്തിൽ ഹവ്വാക്കു നേരിട്ടതു പോലെയായിരുന്നു. വൃക്ഷഫലം തിമാൻ കാമ്യമെന്നു ഹവ്വ കണ്ടു, അതേപോലെ യേശു ലോക രാജ്യങ്ങളെ കണ്ടു.

*അതിൽ എന്താണ് തെറ്റ്?* നന്മവരേണ്ടതിനു തിന്മ ചെയ്യുവാനാണ് സാത്താൻ യേശുവിനോടു ആവശ്യപ്പെട്ടത്. സാത്താൻ പറഞ്ഞു, "നീ ലോകത്തെ കീഴ്പ്പെടുത്തുവാൻ വന്നതാണ്. നീ എന്നെ നമസ്ക്കരിച്ചാൽ ഞാൻ നിന്നെ സഹായിക്കാം, നിനക്കു എന്നോടു പോരാടുവാനില്ലെങ്കിൽ എത്ര പെട്ടെന്നു നിനക്കു ലോകത്തെ കീഴ്പ്പെടുത്തുവാൻ കഴിയും എന്നു ചിന്തിക്കുക.'' വിട്ടു വീഴ്ച്ച ചെയ്തു തന്റെ ആത്മിയ ലക്ഷ്യം കൈവരിക്കുവാൻ ആണ് സാത്താൻ യേശുവിനെ ക്ഷണിച്ചത്. ജെ. ഓസ്വാൾഡ് സാന്റേഴ്സ് പറഞ്ഞു,

> ലോകത്തിൽ സകല ശക്തിയും മഹത്വും പ്രാപിക്കുവാനാണ് തീർച്ചയായും യേശു വന്നത്, പകഷെ അവൻ അതു സ്വീകരിക്കുന്നത് പിതാവിന്റെ സമയത്തും വഴിയിലുമാണ് അവന്റെ പിതാവിന്റെ വഴിയിൽ ക്രൂശിലെ മരണവും ഉൾപ്പെടുന്നു ... തന്നോടു വിട്ടു വീഴ്ച്ച ചെയ്തു. *ക്രൂശിനെ ഒഴിവാക്കുവാനുള്ള സാധ്യതയാണ്* അവസാനത്തെ പരീക്ഷണത്തിൽ പിശാചു ശ്രദ്ധിച്ചത്.[15]

*യേശു എങ്ങനെയാണ് ഈ പരീക്ഷണത്തെ അതിജീവിച്ചത്?* നമ്മുടെ ആരാധ്യവസ്തു ദൈവമാണ് എന്നു കർത്താവു പിശാചിനെ ഓർമ്മിപ്പിച്ചു (മത്തായി 4:10). അവൻ വീണ്ടും പഴയ നിയമ തിരുവെ ഴുത്തു, ആയ ആവർത്തന പുസ്തകം 6:13 ഉദ്ധരിച്ചു. ലോകത്തെ കീഴ്പ്പെടുത്തുന്ന രീതി ദൈവത്തിന്റേതിൽ നിന്നു വ്യത്യസ്തമാണ് പിശാചിന്റേത്. പിശാചിനോടും അവന്റെ സൈന്യത്തോടു യേശു ചേരുന്നതിനു മുൻപു, ആത്മിയ തത്വങ്ങളിൽ അടിസ്ഥാനമാക്കിയ അവന്റെ രാജ്യത്തെ വിട്ടുവീഴ്ച്ചക്കു വിധേയമാക്കേണ്ടിയിരുന്നു. പ്രാകൃത രാജ്യമല്ല, ആത്മിയ രാജ്യം സ്ഥാപിക്കുവാനാണ് യേശു വന്നത്. സാത്താൻ നിർദ്ദേശിച്ച രീതിയിൽ അവന്നു ലോക രാജ്യനിയന്ത്രണം പെട്ടെന്നു ഏറ്റെടുക്കുവാൻ കഴിയുമായിരുന്നു, പക്ഷെ അതിനു സത്യവും നീതിയും വിട്ടു വീഴ്ച്ചചെയ്യണമായിരുന്നു. അവൻ ലോകത്തെ ജയിക്കുവാൻ തിരഞ്ഞെടുത്തതു പിതാവിന്റെ ഇഷ്ടം ഭക്തി പൂർവ്വം ക്രൂശിന്റെ വഴി അനുസരിച്ചുകൊണ്ടുതന്നെയാണ്.

പരീക്ഷണത്തിന്മേലുള്ള യേശുവിന്റെ വിജയം കൈവരിച്ചതിൽ, യേശുവിന്റെ മനുഷ്യത്വം വ്യക്തമായും, തെറ്റില്ലാതെയും നം കാണുന്നു. അവൻ വാസ്തവത്തിൽ മനുഷ്യനായിത്തീർന്നു.

---

കുറിപ്പുകൾ

[1]യോർദ്ദാൻ താഴ്വരയിൽ നിന്നു ആയിരത്തി അഞ്ഞൂറു മൈൽ മുകളിൽ, യെഹൂദ്യ സമതലത്തിൽ നിന്നു ഉയർന്നു നില്ക്കുന്ന ഒരു പർവ്വതമായ ക്വാറൻടാനിയ, പാരസര്യമായി പരീക്ഷണങ്ങൾ സ്ഥിതി ചെയ്തിരുന്നു. പരാമ്പര്യമായി സ്നാനപ്പെടുത്തിയിരുന്ന സ്ഥലത്തു നിന്നു അതു ആറോ എട്ടോ മൈൽ മാറി, യോർദ്ദാനിന്റേയും യെരിഹോവിന്റേയും പടിഞ്ഞാറ്, ലൂക്കൊസ് പറഞ്ഞ, യോർദ്ദാനിൽ നിന്നു മടങ്ങി എന്ന പ്രയോഗത്തോടു യോജിക്കുന്നു ... യെരിഹോവിൽ നിന്നു യെരുശലേമിലേക്കുള്ള കുത്തനെയുള്ള റോഡ് അറിയപ്പെടുന്നത് അസെന്റ് ഓഫ് ബ്ലഡ് എന്നാണ്. കാരണം അതു ഉപദ്രവികളായ കവർച്ചക്കാർ ഉള്ള സ്ഥലമായിരുന്നു. "ഈ വഴിയാണ് യേശു മലയിലേക്കു കയറിയത്, ഉയരം – കല്ലിക്കുന്നതു വിസൃതമായ സാധ്യത. 'യെരുശലേമിലേക്കു വരുമ്പോൾ, യോർദ്ദാൻ താഴ്വരയുടെ പടിഞ്ഞാറായും മോവാബ് സമതലം കിഴക്കായും സ്ഥിതി ചെയ്യുന്നു, ഹെർമോൻ വടക്കായും. വിശാലമായ പാതകളും ദൃശ്യമാണ്, അവ ലോകത്തിലെ സകല രാജ്യങ്ങളിലേക്കും പോകുന്നതാണ്'" (ജെ.ഡബ്ലിയു. ഷെപ്പാർഡ്, *ദ ക്രൈസ്റ്റ് ഓഫ് ദ ഗോസ്പെൽസ്*, [ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി, 1939], 73). [2]ആ നാല്പതു ദിവസങ്ങളിൽ യേശുവിനുണ്ടായ പരീക്ഷണങ്ങളിൽ മൂന്നെണ്ണം സാമ്പിൾ മാത്രമായിരുന്നു എന്നു ഓഡ്വാൾഡ് സാന്റേഴ്സ് പറഞ്ഞു. "നാല്പതു രാവും നാല്പതു പകലും ഉപവസിച്ച ശേഷം, *അവന്നു വിശന്നു*" എന്ന പ്രസ്താവനയിൽ നന്നു അതാണ് തോന്നുന്നതെന്ന് അയാൾ പറഞ്ഞു (മത്തായി 4:2; എംഫസിസ് മൈൻ). "അവൻ നാല്പതു ദിവസവും തന്റെ ആത്മയ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയതുകൊണ്ട്, ഭക്ഷിപ്പാൻ മറന്നു. അവസാന നാളിലാണ് അവനു വിശന്നത്. അതിനു ശേഷം ആണ് മൂന്നു പരീക്ഷണങ്ങളും നടക്കുന്നത്" സാന്റേഴ്സ് ഇതു തെളിയിച്ചിരിക്കയില്ല. ജെ. ഓസ്വാൽഡ് സാന്റേഴ്സ്, *ദ ഇൻ കംപയറബിൾ ക്രൈസ്റ്റ്* (ഷിക്കാഗോ: മോൺടി പ്രസ്,

1952), 58. ഡൊണാൾഡ് കുത്ത്റി എഴുതി, "മത്തായിയും ലൂക്കൊസും പറഞ്ഞ മുന്നു പരീക്ഷണങ്ങളും ക്ഷീണിച്ചതായിട്ടല്ല, മാതൃകയായിട്ടാണ് കാണേണ്ടത്. തുടർന്നുവരുവാനുള്ള പരീക്ഷണങ്ങളുടെ മാതൃക മാത്രമാണ് അവ" (ഡൊണാൾഡ് കുത്ത്റി എ ഷോർട്ടർ ലൈഫ് ഓഫ് ക്രൈസ്റ്റ്" [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1970], 81). [3]"മരുഭൂമി" "മരുഭൂ" എന്ന പുതയ നിയമ പ്രയോഗം മണൽ നിറഞ്ഞ ശൂന്യമായ സ്ഥലം എന്ന് നിരൂപിക്കരുത്, എന്നാൽ സാധാരണ വാസയോഗ്യമല്ലാത്ത സ്ഥലം എന്നാണ് സൂചിപ്പിക്കുന്നത് (മർക്കൊസ് 1:35). [4]സാന്റേഴ്സ്, 57. [5]സാന്റേഴ്സ്, 58. [6]യേശു പാപം ചെയ്യാതിരുന്നതു കൊണ്ടു നാം എത്ര നന്ദിയുള്ളവരാകണം! [7]സാത്താൻ യേശുവിന്റെ അടുക്കൽ വന്നതു ചുവന്ന കോട്ടു ധരിച്ചു പിച്ച്ഫോർക്കും കയ്യിൽ പിടിച്ചു കൊണ്ടാവണമെന്നില്ല. ഒരുപക്ഷെ അവൻ യേശുവിനെ പരീക്ഷിച്ചതു നമ്മെ പരീക്ഷിക്കുന്നതു പോലെ ആയിരിക്കാം. തൻരെ പരസ്യ ശുശ്രൂഷ ആരംഭിക്കുന്നതിനു മുൻപാണ് ആ വലിയ യുദ്ധം ആരംഭിക്കുന്നത്. പിശാചിനു അതു മുഖ്യ സമയം ആയിരുന്നു. [8]ഈ മൂന്നു പരീക്ഷണങ്ങളുടെ രേഖ വ്യക്തമാണ് സാധാരണ മനുഷ്യർ നേരിടുന്ന പരീക്ഷണങ്ങളെയാണ് യേശു നേരിട്ടത്, അവനെ അവൻ പൂർണ്ണമായി പ്രതിരോധിച്ചു. പരീക്ഷണങ്ങളെ മനസ്സിലാക്കേണ്ടതു ഓരോ ക്രിസ്ത്യാനിക്കും ആവശ്യമാണ്. യേശു പാപത്തിൽ നിന്നു പൂർണ്ണമായും മുക്തനായി എന്ന തിരിച്ചറിവു അതിൽ നിന്നു നമുക്കുണ്ടാകണം. തന്റെ വരവിലെ അവന്റെ യാഗത്തിലെ മൂല്യം തിരിച്ചറിഞ്ഞു നം അവനെ പുകഴ്ത്തണം. ഈ പരീക്ഷണങ്ങളിൽ, ലോക ചരിത്രത്തിൽ അവയെ പൂർണ്ണമായും സാത്താനെ പരാജയപ്പെടുത്തിയത് യേശു മാത്രമായിരുന്നു. [9]സാന്റേഴ്സ്, 58. [10]എവറെറ്റ് എഫ്.ഹാരിസൺ, *എ ഷോർട്ട് ലൈഫ് ഓഫ് ക്രൈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1968), 87.

[11]സിന്റേഴ്സ്, 59. [12]മത്തായിയുടെ വിവരണത്തിൽ; ഈ പരീക്ഷണം രണ്ടാമത്തേയും മൂന്നാമത്തേതുമാണ്. [13]ജെ. ഡബ്ലിയു. മെക്ഗാർവേ ആന്റ് ഫിലിപ്പ് റെവ. പെൻലേട്ടൻ, *ദ ഫോർഫോൾഡ് ഗോസ്പെൽ* (സിൻസിനാറ്റി: ഓഹിയോ: ദ സ്റ്റാൻഡാഡ് പബ്ലിഷിങ്ങ് ഫൗണ്ടേഷൻ, എൻ.ഡി), 96. [14]സാന്റേഴ്സ്, 60. [15]ഇബിഡ്.

© 2009 Truth for Today